# കേരള സംസ്ഥാന സർക്കാർ പദ്ധതികൾ

*കേരള സംസ്ഥാന സർക്കാർ പദ്ധതികളെ ക്കുറിച്ച് LGS എക്സാമിന് വേണ്ടിയുള്ള മലയാളം നോട്ട്സാണ് ഇവിടെ നൽകിയിരിക്കുന്നത്...*

❖ കുടുംബശ്രീയുടെ ചെയർമാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയാണ്.
❖ അക്രമത്തിന് ഇരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കുടുംബശ്രീ ആരംഭിച്ച അഭയകേന്ദ്രം സ്നേഹിത ആണ്.
❖ സമൂഹത്തിലെ പരമദരിദ്രരായ അഗതികളുടെ പുനരധിവാസത്തിനായുള്ള കുടുംബശ്രീ പദ്ധതി ആശ്രയ എന്ന പേരിൽ അറിയപ്പെടുന്നു.
❖ കിടപ്പുരോഗികളുടെ ശുശ്രൂഷകർക്ക് പ്രതിമാസം 525 രൂപ പെൻഷൻ നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതിയാണ് ആശ്വാസകിരണം.
❖ കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ കേരള ഗവൺമെന്റ് രൂപം നൽകിയ പദ്ധതിയാണ് ഓപ്പറേഷൻ വാത്സല്യ.

www.pscnet.in

❖കുടുംബശ്രീയുടെ തൊഴിലില്ലായ്മ നിർമ്മാർജ്ജന പദ്ധതി അറിയപ്പെടുന്നത് കേരളശ്രീ എന്ന പേരിലാണ്.

❖കേരളാ സർക്കാർ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതി മൃതസഞ്ജീവനി.

❖ചൈൽഡ് ലൈനിന്റെ ടോൾഫ്രീ നമ്പർ 1098 ആണ്.

❖തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ജയിലിലായ പ്രവാസി മലയാളികൾക്ക് ജയിൽ മോചിതനാകുന്ന സമയത്ത് വിമാന ടിക്കറ്റ് നൽകുന്നത് പദ്ധതി സ്വപ്ന സാഫല്യം എന്ന പേരിൽ അറിയപ്പെടുന്നു.

❖ലഹരിക്കെതിരെ ബോധവൽക്കരണത്തിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതി സുബോധം എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന്റെ ബ്രാൻഡ് അംബാസിഡർ മമ്മൂട്ടിയാണ്.

❖വീടുകളിൽ ഒറ്റപ്പെട്ട കഴിയുന്നവർ, കിടപ്പിലായവർ, തീവ്ര മാനസികരോഗികൾ എന്നിവർക്ക് മരുന്ന്, ഭക്ഷണം, പരിചരണം എന്നിവ ഉറപ്പാക്കാൻ കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് കനിവ്.

❖എയ്ഡ്സ് ബോധവൽക്കരണത്തിനു വേണ്ടി കേരള സർക്കാർ ആരംഭിച്ച പദ്ധതി ആയുർദളം.

- ❖കേരള സർക്കാരിന്റെ സൗജന്യ കാൻസർ ചികിത്സ പദ്ധതി സുകൃതമാണ്.
- ❖കേരളത്തിലെ വിദ്യാലയങ്ങളെ ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച "ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്" പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ മമ്മൂട്ടിയാണ്.
- ❖പാതയോരങ്ങളിൽ വിശ്രമകേന്ദ്രം ഒരുക്കാനുള്ള സംസ്ഥാന സർക്കാർ പദ്ധതി "ടേക് എ ബ്രേക്ക്" എന്നറിയപ്പെടുന്നു.
- ❖സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിയ പദ്ധതിയാണ് അതുല്യം. ദിലീപാണ് അതുല്യം പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ.
- ❖കോളേജ് വിദ്യാർത്ഥികളുടെ നൈപുണ്യ ശേഷി വർദ്ധിപ്പിക്കാനായി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് യെസ് കേരള.
- ❖മാരകരോഗങ്ങൾ നേരിടുന്ന സാധാരണക്കാർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ എഴുപതിനായിരം രൂപയുടെ സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി "ചിസ് പ്ലസ്" ആണ്.

www.pscnet.in

- അവിവാഹിതരായ അമ്മമാർ, വിവാഹമോചിതരായ വനിതകൾ, വിധവകൾ എന്നീ പിന്നോക്കാവസ്ഥയിലുള്ള വനിതകൾക്കായി കേരള സർക്കാർ ആരംഭിച്ച സ്വയം തൊഴിൽ പദ്ധതി ശരണ്യ എന്ന പേരിൽ അറിയപ്പെടുന്നു.
- സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ശുഭയാത്ര പദ്ധതിയുടെ ഗുഡ്‌വിൽ അംബാസഡർ മോഹൻലാലാണ്.

## അമ്മത്തൊട്ടിൽ

- അനാഥരായ നവജാത ശിശുക്കളെ ഏറ്റെടുക്കാനുള്ള കേരള സംസ്ഥാന ശിശുക്ഷേമസമിതിയുടെ സംരംഭമാണ് അമ്മത്തൊട്ടിൽ.
- 2002 നവംബർ 14 ന് തിരുവനന്തപുരത്താണ് അമ്മത്തൊട്ടിൽ സംരംഭം സ്ഥാപിച്ചത്.

അമ്മത്തൊട്ടിലിൽ ആദ്യം ലഭിച്ച കുഞ്ഞ് നിത്യ ആണ്.

- രണ്ടാമത്തെ അമ്മത്തൊട്ടിൽ തുടങ്ങിയത് തൃശ്ശൂരിലാണ്.അമ്മത്തൊട്ടിൽ പദ്ധതി തുടങ്ങിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം തമിഴ്നാടാണ്.

www.pscnet.in

- 1992 ലാണ് തമിഴ്നാട്ടിൽ അമ്മത്തൊട്ടിൽ പദ്ധതി ആവിഷ്കരിച്ചത്.

## പ്രതീക്ഷാ ഭവൻ

- ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷന്മാർക്കുള്ള സ്ഥാപനമാണ് പരീക്ഷാഭവൻ.
- മലപ്പുറം ജില്ലയിലെ തവനൂരിൽ ആണ് ഇത് സ്ഥിതിചെയ്യുന്നത്.

## താലോലം പദ്ധതി

- കുട്ടികളിലുണ്ടാകുന്ന ഹൃദ്രോഗം, വൃക്കരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം  അസ്ഥി വൈകല്യങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾക്കു സർജറി ഉൾപ്പെടെയുള്ള സൗജന്യചികിത്സ നൽകുന്ന പദ്ധതിയാണ് താലോലം പദ്ധതി.
- 2010 ജനുവരിയിലാണ് താലോലം പദ്ധതി ആരംഭിച്ചത്.

www.pscnet.in

- പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 18 വയസ്സിന് താഴെയുള്ളവർക്കാണ്.

## നിർഭയ

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയാണ് നിർഭയ.
- 2014 ഫെബ്രുവരി 14 ന് യുപിഎ അധ്യക്ഷ സോണിയ ഗാന്ധിയാണ് ഉദ്ഘാടനം ചെയ്തത്.
- നിർഭയ ദിനമായി ആചരിക്കുന്നത് ഡിസംബർ 16നാണ്.

## സ്നേഹപൂർവ്വം

മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് അനാരോഗ്യത്താലും സാമ്പത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ അവർക്ക് പ്രതിമാസം

www.pscnet.in

ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം.

## സ്നേഹസ്പർശം

- അവിവാഹിതരായ അമ്മമാർക്കുള്ള പ്രതിമാസ ധന സഹായ പദ്ധതിയാണ് സ്നേഹസ്പർശം.
- പ്രതിമാസം 1,000 രൂപയാണ് ലഭിക്കുന്ന അലവൻസ്.

## ശ്രുതി തരംഗം

- ബധിരരും മൂകരുമായ കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും സംസാര ശേഷിയും ലഭ്യമാക്കാനുള്ള പദ്ധതിയാണ് ശ്രുതി തരംഗം.
- മൂന്നു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് ആണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

## എന്റെ കൂട്

അഗതികളും തെരുവോരങ്ങളിൽ കഴിയുന്നവരുമായ സ്ത്രീകൾക്ക് സുരക്ഷിതമായി അന്തിയുറങ്ങാനുള്ള സംവിധാനമാണ് എന്റെ കൂട്.

www.pscnet.in

## സ്നേഹസാന്ത്വനം

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതിയാണ് സ്നേഹ സ്വാന്തനം.

## സമാശ്വാസം

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വൃക്ക രോഗികളെ സഹായിക്കാനുള്ള പദ്ധതിയാണ് സമാശ്വാസം.

## വയോമിത്രം

65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താനുള്ള പദ്ധതിയാണ് വയോമിത്രം.

## പ്രത്യാശ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാനുള്ള പദ്ധതിയാണ് പ്രത്യാശ.

www.pscnet.in

## ഗോത്രസാരഥി

യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിലെ ആദ്യവാസി വിദ്യാർഥികളെ സ്കൂളിലെത്തിക്കാൻ സംസ്ഥാന പട്ടികവർഗ്ഗ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്രസാരഥി.

## ലൈഫ്

ഭൂരഹിതരില്ലാത്ത കേരളം ആണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യം.
കേരള സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട നിർമാണ പദ്ധതിയാണ് ലൈഫ്.

References:

**Wikipedia.org**

**Vetopsc.org**

www.pscnet.in